## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1697

14.08.2017-ൽ
മറുപടിയ്ക്ക്

## വിമുക്തഭടന്മാരുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ ; | വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധമായി** ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇവർക്കായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | കേരളത്തിലെ വിമുക്തഭടന്മാർക്കും വിധവകൾക്കും സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി, രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും, വിധവകൾക്കും നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം, നോൺ ഗ്യാലന്ററി അവാർഡ് ജേതാക്കൾക്ക് നൽകുന്ന ക്യാഷ് അവാർഡ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം എന്നിവ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## തൊഴിൽ സഹായം

### തൊഴിലിനു വേണ്ടിയുള്ള രജിസ്ട്രേഷൻ

സൈനിക സേവനത്തിൽ നിന്നും വിരമിക്കുന്നതിനു ഒരു വർഷം മുൻപ് തൊഴിൽ സഹായത്തിനായി / പുനർനിയമനത്തിനായി ജവാന്മാർക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാം. ബന്ധപ്പെട്ട റെക്കോർഡ് ഓഫീസിൽ രജിസ്ട്രേഷനെ സംബന്ധിച്ച എംപ്ലോയ്മെന്റ് ഇൻഡക്സ് കാർഡ് ജില്ലാ സൈനിക ക്ഷേമ ഓഫീസിലേക്ക് അയക്കേണ്ടതാണ്.

സൈനിക ക്ഷേമ ഓഫീസിൽ രെജിസ്ട്രേഷൻ പൂർത്തിയാക്കി രജിസ്റ്റർ നമ്പർ നൽകുന്നു. അതോടൊപ്പം എംപ്ലോയ്മെന്റ് ഇൻഡക്സ് കാർഡിന്റെ പകർപ്പ് ബന്ധപ്പെട്ട പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും അയച്ചു കൊടുക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വിമുക്തഭടന്റെ പേര് നേരിട്ട് രജിസ്റ്റർ ചെയ്യുകയില്ല

വിമുക്തഭടന്മാർ ഡിസ്ചാർജ് ബുക്ക് / പെൻഷൻ ബുക്ക് തുടങ്ങിയ രേഖകളുമായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനങ്ങൾക്ക് വിമുക്തഭടന്മാർക്കു മുന്ഗണനയുണ്ട്. രജിസ്ട്രേഷൻ മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണ്.

### ആശ്രിതർക്ക് തൊഴിൽ സഹായം

യുദ്ധത്തിൽ മരിക്കുകയോ, സൈനികസേവനത്തിനിടയിൽ ഗുരുതരമായ രീതിയിൽ അംഗവൈകല്യം സംഭവിക്കുകയോ, മരണപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ ആശ്രിതർക്ക് തൊഴിൽ നല്കുന്നതിനും, മറ്റു പുനരധിവാസ പ്രവർത്തനങ്ങളുമായി കേന്ദ്ര ഗവണ്മെന്റിന്റെ ഡയറക്ടർ ജനറൽ റീസെറ്റിൽമെന്റ് കാര്യാലയം പ്രവർത്തിക്കുന്നുണ്ട്. അതിനായ് അവകാശികളായ ആശ്രിതർക്ക് കിട്ടുന്ന പ്രത്യേക പരിഗണന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നൽകപ്പെടുന്നു.

### സൈനികരുടെ ആശ്രിതർക്ക് ജോലിക്കു സംവരണം

യുദ്ധത്തിലോ, യുദ്ധസമാനസാഹചര്യങ്ങളിൽ ഫീൽഡ് / ഓപ്പറേഷനൽ മേഖലകളിൽ വെച്ച് കൊല്ലപ്പെടുന്ന ജവാന്മാരുടെ ഒരു ആശ്രിതന് / ആശ്രിതക്കു സംസ്ഥാന സെർവിസ്സിൽ നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ അയവു വരുത്തി സംസ്ഥാന സർക്കാർ ക്ലാസ് 3 & 4 തസ്തികകളിൽ ജോലി നൽകുന്നു. മേൽ സാഹചര്യങ്ങളിൽ പുനർ നിയമനങ്ങൾക്ക് അയോഗ്യമായ വിധത്തിൽ പരിക്കേൽക്കുന്നവരുടെ (അംഗവൈകല്യം 50% ത്തിൽ കൂടുതൽ) ആശ്രിതനും പ്രസ്തുത ആനുകൂല്യം ലഭിക്കും. **BSF,GREF** തുടങ്ങിയ അർധസൈനിക വിഭാഗത്തിലുള്ളവർ ആർമിയുമായി അറ്റച്ചായിരിക്കുന്ന വേളയിൽ മേൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരം അത്യാഹിതം സംഭവിക്കുകയാണെങ്കിൽ അവരുടെ ഒരു ആശ്രിതന് / ആശ്രിതക്കു സംസ്ഥാന സർക്കാരിന്റെ കീഴിൽ ആശ്രിതനിയമനം നൽകി വരുന്നുണ്ട്. ഇതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസ് വഴിയാണ് സമർപ്പിക്കേണ്ടത്.

### തൊഴിൽ സഹായത്തിനു സംവരണം

വിമുക്തഭടന്മാർക്കു പുനർനിയമനം ലഭിക്കുന്നതാണ് പ്രത്യേക ആനുകൂല്യങ്ങൾ നിലവിലുണ്ട്. ചില തസ്തികകൾ വിമുക്തഭടന്മാർക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്.

(എ) സൈനിക ക്ഷേമ വകുപ്പിലെ എല്ലാ തസ്തികകളും

(ബി) എൻ സി സി വകുപ്പിലെ സിവിലിയൻ തസ്തികകൾ (വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും)

(സി) മൃഗ സംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിൽ 10 ശതമാനം ഒഴിവുകൾ

(ഡി) വിവിധ വകുപ്പിലെ സർജന്റ് തസ്തികകൾ

(ഇ) പോലീസ് വകുപ്പിലെ കോൺസ്റ്റബിൾ (ഡ്രൈവർ) തസ്തികയിൽ 10 ശതമാനം ഒഴിവുകൾ (നിബന്ധനകൾക്ക് വിധേയമായി)

(എഫ്) വനിതാ വാർഡൻ, ഹോസ്പിറ്റൽ ക്ലീനർ, ആയ എന്നെ തസ്തികകളിലെ 10 ശതമാനം ഒഴിവുകൾ ജവാന്മാരുടെ ഭാര്യമാർക്കും / കുട്ടികൾക്കും.

(ജി) പി എസ് സി വഴിയുള്ള എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനത്തിൽ വിമുക്തഭടന്മാർക്കു മുൻഗണന, വിദ്യാഭ്യാസം/ശാരീരിക യോഗ്യതകൾ എന്നിവയിൽ ഇളവ്.

(എച്ച്) വിമുക്തഭടന്മാർക്കു പി എസ് സി വഴിയുള്ള നിയമനങ്ങളിൽ പ്രധിരോധ സേനയിലെ സേവനകാലദൈർഘ്യത്തിന്റെയും, ധീരത പുരസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന

(ജെ) മറ്റു യോഗ്യതകൾ എല്ലാം തുല്യമാണെങ്കിൽ പി എസ് സി വഴിയുള്ള നിയമനങ്ങളിൽ വിമുക്തഭടന്മാർക്കു മുൻഗണന.

(കെ) താഴെപ്പറയുന്ന തസ്തികകളിലെ നേരിട്ടുള്ള നിയമനങ്ങളിൽ വിമുക്തഭടന്മാർക്കു മുൻഗണന

(1) ഫോറെസ്റ്റ് ഡിപ്പാർട്മെന്റിലെ രണ്ടാം ഗ്രേഡ് ഫോറെസ്റ്റ് ഗാർഡ്

(2) നീതിന്യായ വകുപ്പിലെ ആമീൻ

(3) ഹോം ഗാർഡ്സ്

(4) സൈനിക സേവനം ചെയ്യുന്ന ജവാന്റെ ഭാര്യക്ക് മറ്റു യോഗ്യതകൾ സമമാണെങ്കിൽ പി എസ് സി വഴിയുള്ള അധ്യാപക നിയമനത്തിൽ മുൻഗണന നൽകുന്നു

<u>വിദ്യാഭ്യാസ ഇളവ്</u>

കേന്ദ്ര ഗവണ്മെന്റ് സർവീസ് - സാങ്കേതിക ട്രേഡുകൾക്കും, യോഗ്യതകൾക്കും അനുവദിച്ചിട്ടുള്ള സിവിൽ സമീകരണം (**civil equivalency**) സംസ്ഥാന സർക്കാർ - പി എസ് സി നിയമനങ്ങൾക്ക് അതേപടി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടീച്ചിങ് തസ്തികയ്ക്ക് ടി സമീകരണം ബാധകമല്ല. ചുവടെ വിവരിക്കുന്ന കോഴ്സുകൾക്ക് വിമുക്തഭടന്മാരുടെ ആശ്രിതർക്ക് സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്:-

| | |
|---|---|
| (എ) എം ബി ബി എസ് | - 08 സീറ്റ് |
| (ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ | - 62 സീറ്റ് |
| (സി) അഗ്രികൾച്ചർ കോളേജുകളിൽ | - 05 സീറ്റ് |
| (ഡി) പോളിടെക്നിക് കോളേജുകളിൽ | - 08 സീറ്റ് |
| (ഇ) ഐ ടി ഐ | - ആകെ സീറ്റിന്റെ 15% |
| (എഫ്) എൽ എൽ ബി | - 06 സീറ്റ് |
| (ജി) ബി എഡ് | - 06 സീറ്റ് |

(എച്ച്) നഴ്സിംഗ് ട്രെയിനിങ് (ജി എൻ എം) - 14 സീറ്റ്

(ഐ) ബി എസ് സി (ഓണേഴ്സ് അഗ്രി ) - 01 സീറ്റ്

(കെ) ബി എ / ബി എസ് സി / ബി കോം - മുൻഗണന

(എൽ) പ്ലസ് വൺ - മുൻഗണന

സൈനികരുടെ ധീരതയും വിശിഷ്ടസേവനവും അവരുടെ യൗവന കാലം രാജ്യസേവനത്തിനു വിനിയോഗിച്ച കണക്കിലെടുത്തു സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധി. യുദ്ധത്തിലോ സമാന സഹചര്യങ്ങളിലോ മരണപ്പെടുന്ന ജവാന്മാർക്ക് 10 ലക്ഷം രൂപയും ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് 5 ലക്ഷം രൂപയും നൽകുന്നുണ്ട്.

- തെരെഞ്ഞെടുപ്പിനു മുൻഗണന. ഹോം ഗാർഡ്, ഫോറെസ്റ്റ് ഗാർഡ്, ആമിൻ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനു മുൻഗണന. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിനു മുൻഗണന

- ഗ്രേഡ് മാർക്ക്. പി എസ സി പരീക്ഷക്ക് രണ്ടു വർഷത്തെ മിലിറ്ററി സർവീസിന് ഒരു ഗ്രേഡ് മാർക്ക് വീതം പരമാവധി പത്തു മാർക്ക് വെയിറ്റേജ് ആയി നൽകുന്നു.

- യോഗ്യത സമീകരണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തൊഴിൽ രെജിസ്ട്രേഷനായി യോഗ്യത സമീകരണം നൽകുന്നു

- ഭവന നിർമ്മാണ സഹായം. യുദ്ധത്തിൽ കൊല്ലപ്പെടുന്നവരുടെ/സൈനിക സേവനത്തിനിടയിൽ മരിക്കുന്നവരുടെ ആശ്രിതർക്കും ശാരീരികാസ്വാസ്ഥ്യങ്ങൾ മൂലം സേവനം തുടരാൻ കഴിയാതെ പിരിച്ചയയ്ക്കപ്പെടുന്നവർക്കും സ്വന്തമായി വീടില്ലെങ്കിൽ ഭവന നിർമ്മാണത്തിന് സംസ്ഥാന സർക്കാർ 1,00,000 (ഒരു ലക്ഷം) രൂപ സാമ്പത്തിക സഹായം നൽകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന വിഭാഗത്തിലുള്ള അപേക്ഷകരുടെ അഭാവത്തിൽ, 60 വയസ്സിനു താഴെയുള്ള, സ്വന്തമായോ, ഭാര്യയുടെ പേരിലോ, അപേക്ഷാ തീയതി വരെ കഴിഞ്ഞ 5 വർഷമായി വീടില്ലാത്ത വിമുക്തഭടന്മാരെയും അതാതു വർഷത്തെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭവന നിർമ്മാണ ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. വാർഷിക വരുമാന പരിധി 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം) രൂപയിൽ താഴെയായിരിക്കണം.
- രണ്ടാം ലോകമഹായുദ്ധ സേനാനികൾക്ക് സാമ്പത്തിക സഹായം. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത (9/1939 നും 4/1946 നും ഇടയിൽ സർവ്വീസിലുണ്ടായിരുന്ന) യോദ്ധാക്കൾക്ക് പ്രതിമാസം 4000 രൂപയും 20-06-2013 മുതൽ അവരുടെ വിധവകൾക്ക് പ്രതിമാസം 2500 രൂപയും ധനസഹായം നൽകുന്നു. പുനർ നിയമനം ലഭിച്ചവരും വാർഷിക കുടുംബ വരുമാനം 50000 രൂപയിൽ കൂടുതലുള്ളവരും ഇതിനർഹരല്ല.

- ധീരതാ പുരസ്കാരങ്ങൾ ലഭിച്ചവർക്ക് ക്യാഷ് അവാർഡ്. പരം വീർ ചക്ര - 50 ലക്ഷം, അശോക ചക്ര - 50 ലക്ഷം, സർവോത്തം യുദ്ധ സേവാ മെഡൽ - 40 ലക്ഷം, മഹാവീർ ചക്ര - 40 ലക്ഷം , കീർത്തി ചക്ര - 36 ലക്ഷം , ഉത്തം യുദ്ധ സേവാ മെഡൽ - 32 ലക്ഷം, വീർ ചക്ര - 24 ലക്ഷം, ശൗര്യ ചക്ര - 20 ലക്ഷം, യുദ്ധ സേവാ മെഡൽ - 04 ലക്ഷം, സേന മെഡൽ - 04 ലക്ഷം, മെൻഷൻ ഇൻ ഡെസ്പാച്ചസ്- 02 ലക്ഷം.

- എക്സ്ഗ്രേഷ്യ ഗ്രാന്റ്. 26-09-1999 ന് മുൻപ് യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് പരമാവധി 1,00,000 രൂപ (ഒരു ലക്ഷം) വരെ യുദ്ധത്തിൽ പരിക്കേറ്റവർക്കും ശാരീരിക വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്ന് ഗ്രാന്റായി നൽകുന്നു.

- നോൺ ഗ്യാലന്ററി അവാർഡ് ജേതാക്കൾക്ക് ക്യാഷ് അവാർഡ്. പരംവിശിഷ്ട സേവാമെഡൽ (PVSM), അതി വിശിഷ്ട സേവാമെഡൽ (AVSM), വിശിഷ്ട സേവാമെഡൽ (VSM), സേനാ മെഡൽ (SM), നൗ സേനാ മെഡൽ (NM), വായു സേനാ മെഡൽ (VSM) എന്നീ അവാർഡുകൾ ലഭിച്ചവർക്ക് സംസ്ഥാന സർക്കാരിൽനിന്നും യഥാക്രമം 50000, 25000, 10000 രൂപ വീതം ഒറ്റത്തവണ ക്യാഷ് അവാർഡായി നൽകുന്നു. 1962 മുതൽ മുൻകാല പ്രാബല്യമുണ്ട്.

- പ്രാദേശിക സേനാ മെഡൽ ജേതാക്കൾക്ക് ക്യാഷ് അവാർഡ്. പ്രാദേശിക സേന (Territorial Army) വിഭാഗങ്ങളിലെ ടി. എ ഡക്കറേഷൻസ് /ടി. എ മെഡൽ ലഭിച്ച ആഫീസർ / മറ്റ് വിഭാഗങ്ങൾക്ക് 5000 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകുന്നു.

- സ്കോളർഷിപ്പ് (Merit Scholorship) വിമുക്തഭടന്മാരുടെ പഠനത്തിൽ മിടുക്കരായ കുട്ടികൾക്ക് 10 -ാം സ്റ്റാന്റേർഡു മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള കോഴ്സുകൾക്ക് 2000 രൂപ മുതൽ 3500 **രൂപ** വരെ സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നൽകുന്നു. (ക്ലാസ് 10 - 2000 രൂപ, ക്ലാസ് 11, 12, വി.എച്ച്.എസ്.സി., ടി.ടി.സി. മുതലായവ - 2500 രൂപ, ഡിഗ്രി കോഴ്സുകൾ - 3000 രൂപ, ബിരുദാനന്തര ബിരുദ കോഴ്സുകൾ - 3500 രൂപ). വാർഷിക വരുമാന പരിധി രണ്ട് ലക്ഷം (28/10/2013 മുതൽ ബാധകം) രൂപയിൽ താഴെയായിരിക്കണം. മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ മൊത്തം 50% ത്തിൽ കുറയാതെ മാർക്കുണ്ടായിരിക്കണം.

- ലംപ്സം ഗ്രാന്റ് /സ്കോളർഷിപ്പ് നാഷണൽ ഡിഫൻസ് അക്കാദമിയിലും രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറിയിലും പരിശീലനം ചെയ്യുന്ന കേരളീയരായ കേഡറ്റുകൾക്ക് 10000 രൂപ വീതം ലംപ്സം ഗ്രാന്റ് /സ്കോളർഷിപ്പ് നൽകുന്നു.

- നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം. നിർദ്ധനരായ വിമുക്തഭടന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 5000 രൂപ മുതൽ 6000 രൂപ വരെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ടിൽ നിന്നും നൽകുന്നു. ജില്ലാ മിലിട്ടറി ബനവലന്റ് ഫണ്ട് വഴി 3000 രൂപ മുതൽ 4000 രൂപ വരെ നൽകും

- വിവാഹ ധനസഹായം. വിമുക്തഭടന്റെ രണ്ട് പെൺമക്കൾക്കു വിവാഹത്തിന് 15000 രൂപ ഗ്രാന്റായി നൽകുന്നു. വാർഷിക വരുമാന പരിധി 4,00,000/- രൂപയിൽ താഴെയായിരിക്കണം

- **അടിയന്തിര സാമ്പത്തിക സഹായം.** വിമുക്തഭടൻമാർക്കോ അവരുടെ ആശ്രിതർക്കോ പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പ്രത്യേകമായി പരിഗണിച്ച് സാമ്പത്തിക സഹായം നൽകുന്നു. എസ്.എം.ബി.എഫിൽ നിന്നുള്ള ടി സഹായം മുഖ്യമന്ത്രിയും,

സൈനിക ക്ഷേമ വകുപ്പു മേധാവിയും യഥാക്രമം 10000/- രൂപ, 25000/- രൂപ എന്നീ ക്രമത്തിൽ അനുവദിക്കുന്നു.

- ജില്ലാ സൈനിക ബോർഡ് തലത്തിൽ 5000/- രൂപ, 2000/- രൂപ എന്നീ ക്രമത്തിൽ ജില്ലാ കളക്ടർക്കും ജില്ലാ സൈനിക ക്ഷേമ ഓഫീസർക്കും നൽകാൻ അധികാരമുണ്ട്.

- <u>മരണാനന്തരം നൽകുന്ന എക്സ്ഗ്രേഷ്യാ ഗ്രാന്റ്.</u> വിമുക്തഭടൻ മരണമടഞ്ഞാൽ അടിയന്തിര സാമ്പത്തിക സഹായമായി തൊട്ടടുത്ത ആശ്രിതർക്ക് (വിധവ/ അവിവാഹിതയായ മകൾ/ മൈനറായ പുത്രൻ) 10000 രൂപ ധനസഹായം നൽകി വരുന്നു.

- <u>അന്ധരായ വിമുക്തഭടൻമാർക്ക്/ വിധവകൾക്ക്/ഭാര്യമാർക്ക്/ അന്ധരായ മക്കൾക്കും പ്രതിമാസ സഹായം</u> അന്ധരായ വിമുക്തഭടൻമാർക്ക് / വിധവകൾക്ക് / ഭാര്യമാർക്ക്/ അന്ധരായ മക്കൾക്കും 1000/- രൂപ വീതം പ്രതിമാസ ധനസഹായം നൽകുന്നു. Non Pensioners ന് 2000/- രൂപ പ്രതിമാസ സഹായം നൽകുന്നു.

- <u>വിമുക്തഭടന്മാരുടെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ധനസഹായം.</u> നിബന്ധനകൾക്കു വിധേയമായി വിമുക്തഭടന്മാരുടെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് 1500/- രൂപ പ്രതിമാസ സഹായം നൽകുന്നു. വാർഷിക വരുമാന പരിധി 3,00,000 രൂപയിൽ താഴെ ആയിരിക്കണം.

- <u>വിമുക്തഭടന്മാരുടെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് ധനസഹായം:</u> വിമുക്തഭടന്മാരുടെ 40 ശതമാനത്തിൽ കുറയാതെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 1500/- രൂപ ധനസഹായം നൽകുന്നു. വാർഷിക വരുമാനപരിധി 3,00,000/ രൂപയിൽ താഴെ ആയിരിക്കണം.

- <u>പോക്കറ്റ് മണി.</u> ക്ഷയരോഗ/കുഷ്ടരോഗ ആശുപത്രികളിൽ (Sanatoriums)കഴിയുന്ന വിമുക്തഭടന്മാരായ അന്തേവാസികൾക്ക് / വിമുക്തഭടന്മാരുടെ വിധവകൾക്ക് പ്രതിമാസം 2000 രൂപ ധനസഹായം നൽകുന്നു. ഇവർക്ക് കൊതുകുവലയും സൗജന്യമായി നൽകുന്നു.

- <u>ഓണാഘോഷത്തിന് ധനസഹായം</u> . ക്ഷയരോഗ/കുഷ്ടരോഗ സാനിട്ടോറിയങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർക്ക് ഓണം ആഘോഷിക്കുന്നതിനായി 2000 രൂപ ഒറ്റത്തവണ സാമ്പത്തിക സഹായം നൽകുന്നു

- <u>മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്.</u> ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ച വിമുക്തഭടന്മാർക്ക്, ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി നൽകുന്ന വൈദ്യശുശ്രൂഷ ഗ്രാന്റ് ലഭ്യമല്ലാതാകുമ്പോൾ, എസ്.എം.ബി.എഫിൽ നിന്നും മൂന്നു വർഷത്തെ തുടർ ശുശ്രൂഷക്കായി പ്രതിമാസം 1500/- രൂപ ധനസഹായം നൽകുന്നു.

- <u>തയ്യൽ മെഷീൻ വിതരണം</u> Tailor Trade-ൽ വിരമിച്ച വിമുക്തഭടന്മാർക്കും, തയ്യൽ അറിയാവുന്ന വിധവകൾക്കും ഉപജീവനാർത്ഥം സൗജന്യമായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്നു. വാർഷിക വരുമാനം 1,50,000 രൂപയിൽ താഴെയായിരിക്കണം.

- <u>ക്യാൻസർ രോഗ ശുശ്രൂഷയ്ക്ക് ഗ്രാന്റ്:</u> ക്യാൻസർ രോഗികളായ വിമുക്തഭടന്മാർക്ക്/വിധവകൾക്ക്/ വിമുക്തഭടന്മാരുടെ ഭാര്യമാർക്ക് പ്രതിമാസം 1500/- രൂപ വീതം ഒരു വർഷത്തേയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. പെൻഷനോ മറ്റു സമാന

ആനുകൂല്യങ്ങളോ ലഭിക്കാത്തവർക്ക് പരമാവധി 2 വർഷം വരെ സാമ്പത്തിക സഹായം നൽകുന്നു

- എസ്.എസ്.എൽ.സി./സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+/A1 ഗ്രേഡ് കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ക്യാഷ് അവാർഡ് എസ്.എസ്.എൽ.സി./സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+/A1 ഗ്രേഡ് കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് 3000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

- <u>+2/12 - സ്റ്റേറ്റ്/സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+/A1 ഗ്രേഡ് കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ക്യാഷ് അവാർഡ്</u> +2/12 - സ്റ്റേറ്റ്/സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+/A1 ഗ്രേഡ് കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് 5000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

- <u>വീട് നന്നാക്കുവാൻ ഗ്രാന്റ്</u> കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയിൽ കുറവുള്ള വിമുക്തഭടന്മാർ/വിധവകൾ എന്നിവർക്ക് വീട് നന്നാക്കുവാൻ 20000/- രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

- <u>മത്സരപരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനുമുള്ള പരിശീലനത്തിന് ധനസഹായം</u> മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനുമുള്ള പരിശീലനത്തിന് വിമുക്തഭടന്മാർക്കും /ആശ്രിതർക്കും യഥാർത്ഥ ഫീസ് തുകയോ/പരമാവധി 10000/ രൂപയോ ധനസഹായം നൽകുന്നു.

- <u>വിമുക്തഭടന്മാർക്ക് കംപ്യൂട്ടർ പരിശീലനം.</u> വിമുക്തഭടന്മാർക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നതിലേക്കായി ജില്ലാ തലത്തിൽ പരിശീലനം നൽകുന്നു.

- <u>സ്വയം തൊഴിൽ കണ്ടെത്തുവാൻ വിമുക്ത ഭടന്മാർക്ക് പരിശീലനം</u> .സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന വിമുക്ത ഭടന്മാർക്കും വിധവകൾക്കും ഓരോ ജില്ലയിലും തൊഴിലധിഷ്ഠിത പരിശീലനത്തിനായി സാമ്പത്തിക സഹായം നൽകുന്നു.

- <u>പാരാപ്ലജിക് റിഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾക്ക് സാമ്പത്തിക സഹായം.</u> പാരാപ്ലജിക് റിഹാബിലിറ്റേഷൻ സെന്റർ പൂനെയിലെ അന്തേവാസികളായ വിമുക്തഭടന്മാർക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകി വരുന്നു. കൂടാതെ തൊട്ടടുത്ത ബന്ധുവിന് വിമുക്തഭടനെ സന്ദർശിക്കുന്നതിലേക്ക് വർഷത്തിൽ ഒരിക്കൽ സെക്കന്റ് ക്ലാസ് റെയിൽവേ ടിക്കറ്റ് നൽകി വരുന്നു.

- <u>വിമുക്ത ഭടന്മാരുടെ മക്കൾക്ക് വിവിധ മത്സരപരീക്ഷകളിൽ പരിശീലനത്തിന് സാമ്പത്തിക സഹായം.</u> വിമുക്തഭടന്മാരുടെ മക്കൾക്ക് വിവിധ മത്സര പരീക്ഷകളായ SET, NET, JRF, ICWA, CA, Civil Service Exam തുടങ്ങിയ പരീക്ഷകളുടെ പരിശീലന ക്ലാസ്സുകൾ പൂർത്തിയാക്കുന്ന 3,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിമുക്തഭടന്മാരുടെ കുട്ടികൾക്ക് 10000/- രൂപ (One time grant) നൽകുന്നു.

- <u>എംബ്രോയഡറി മെഷീൻ വിതരണം:</u> വിമുക്ത ഭടന്മാർക്കും ഭാര്യമാർക്കും വിധവകൾക്കും എംബ്രോയഡറി മെഷീൻ നൽകി വരുന്നു. വാർഷിക വരുമാനം 1,50,000/- രൂപയിൽ കുറവായിരിക്കണം.

- ഡയാലിസിസിന് സാമ്പത്തിക സഹായം. ഡയാലിസിസിന് വിധേയരാകുന്ന വിമുക്ത ഭടന്മാർക്കും വിധവകൾക്കും ആശ്രിതർക്കും പ്രതി ഡയാലിസിസിന് 1000 രൂപ വീതം നിബന്ധനകൾക്കു വിധേയമായി പരമാവധി 20000 രൂപ വരെ അനുവദിക്കുന്നു.

- സ്വയം തൊഴിലിനായി ധനസഹായം . വിധവകൾക്ക് സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്വയംതൊഴിൽ ചെയ്യുന്നതിന് നിബന്ധനകൾക്ക് വിധേയമായി 10000 മുതൽ 25000 വരെ നൽകുന്നതാണ്.

- അവയവമാറ്റ ശസ്ത്രക്രിയക്ക് ശേഷം (Kidney, Lever, Hip, Knee) ധനസഹായം അവയവമാറ്റ ശസ്ത്രക്രിയക്ക് ശേഷം വിമുക്തഭടന് / വിധവക്ക് നിബന്ധനകളില്ലാതെ 1000 രൂപ പ്രതിമാസം ഒരു വർഷത്തേക്ക് ധനസഹായം നൽകുന്നതാണ്.

- മെഡിക്കൽ റിലീഫ് ഗ്രാന്റ് 60 വയസ്സിന് മുകളിലുള്ളവരും, രോഗികളും പെൻഷന് അർഹതയില്ലാത്തവരും ECHS ൽ മെമ്പർ അല്ലാത്തവരും വരുമാനം 75000 രൂപയിൽ താഴെയുള്ളവരും ആയ വിമുക്തഭടന്മാർക്കും വിധവകൾക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 10,000 രൂപ ഒറ്റത്തവണ ഗ്രാന്റ് നൽകുന്നു.

- വിമുക്തഭടന്മാരുടെ/വിധവകളുടെ സ്വയം സഹായ സംഘങ്ങൾക്ക് തയ്യൽ മെഷിനും ,എംബ്രോയിടറി മെഷിനും. അഞ്ചോ അതിലധികമോ തൊഴില്രഹിതരായ വിമുക്തഭടന്മാര് ,അവരുടെ ഭാര്യമാര് ,വിധവകള് അംഗങ്ങളായുള്ള സ്വയം സഹായ സംഘങ്ങൾക്ക് 3 തയ്യൽ മെഷിനും, 2 എംബ്രോയിടറി മെഷിനും നിബന്ധനകള്ക്ക് വിധേയമായി വിതരണം ചെയ്യുന്നു .

2. അമാൽഗമേറ്റഡ് ഫണ്ട്

- സ്കോളർഷിപ്പ്. സാങ്കേതികവും തൊഴിലധിഷ്ടിതവുമായ കോഴ്സുകളിൽ പഠിക്കുന്ന വിമുക്തഭടന്മാരുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി 3000/- രൂപ മുതൽ 10000/- രൂപ വരെ സ്കോളർഷിപ്പ്. വാർഷിക വരുമാന പരിധി 3,00,000/- രൂപയിൽ താഴെയായിരിക്കണം.

- അനാഥരായ കുട്ടികൾക്ക് സാമ്പത്തിക സഹായം വിമുക്ത ഭടന്മാരുടെ അനാഥരായ കുട്ടികൾക്ക് 25 വയസ്സുവരെ പ്രതിമാസം 3000 രൂപ ക്രമത്തിൽ നിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകുന്നു. വാർഷിക വരുമാന പരിധി 3,00,000/- രൂപയിൽ താഴെയായിരിക്കണം.

- സൈനിക സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് സൈനിക സ്ക്കൂളിൽ 10 -ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് നിബന്ധനകൾ ഒന്നുമില്ലാതെ 10000 രൂപ ലംപ്സം ഗ്രാന്റ് ആയി നൽകുന്നു.

- എൻട്രൻസ് കോച്ചിംഗിന് സാമ്പത്തിക സഹായം എഞ്ചിനീയറിംഗ് / എം.ബി.ബി.എസ് മുതലായ പ്രവേശന പരീക്ഷയെഴുതാൻ വിമുക്തഭടന്മാരുടെ കുട്ടികൾക്ക് നിബന്ധനകൾക്ക് വിധേയമായി 6000 രൂപ ക്രമത്തിൽ സാമ്പത്തിക സഹായം നൽകുന്നു. വാർഷിക വരുമാന പരിധി 4 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വർഷം 300 കുട്ടികൾക്ക് അനുവദിക്കുന്നു.

- വൃദ്ധസദനങ്ങളിൽ കഴിയുന്ന വിമുക്ത ഭടന്മാർക്കും വിധവകൾക്കും ധനസഹായം. സംസ്ഥാനത്തെ അംഗീകൃത വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരും മറ്റു വരുമാനമില്ലാത്തവരുമായ വിമുക്തഭടന്മാർക്കും വിധവകൾക്കും 2000 രൂപ പ്രതിമാസ ധനസഹായം നൽകും.

- **സ്വയംതൊഴിൽ കണ്ടെത്തുവാൻ വിമുക്തഭടന്മാർക്കും വിധവകൾക്കും ധനസഹായം.** പുനരധിവാസത്തിനായി ജില്ലാ തലത്തിൽ പുനരധിവാസ കോഴ്സുകൾ സംഘടിപ്പിക്കുന്നു. കോഴ്സ് ഫീസായി ആളൊന്നിന് പരമാവധി 10000 രൂപ നിരക്കിൽ കോഴ്സ് നടത്തുന്ന സ്ഥാപനത്തിന് നൽകുന്നു.

- **രോഗികളായ രണ്ടാം ലോക മഹാ യുദ്ധ സേനാനികൾക്കു ചികിത്സാ സഹായം.** നിരാലംബരും രോഗികളുമായ രണ്ടാം ലോക മഹാ യുദ്ധ സെനാനികൾക്ക് 1000/ രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

- **സ്വയം തൊഴിൽ വായ്പയ്ക്ക് പലിശ സബ്സിഡി.** സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി അംഗീകൃത ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നു. പലിശ ഇളവ് ലഭിക്കുന്ന വായ്പ തുകയുടെ പരിധി 300000 രൂപയാണ്.

- **സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം.** സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ 20 സ്വയം സഹായ സംഘങ്ങൾക്ക് 25000 രൂപ വീതം ധനസഹായം നൽകുന്നു.

3. **പരാതി പരിഹാര സെൽ.** വിമുക്തഭടന്മാരുടെയും സൈനികരുടെയും കുടുംബാംഗങ്ങളുടെയും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിൽ സൈനിക ക്ഷേമ വകുപ്പ് സെക്രട്ടറി അധ്യക്ഷത വഹിക്കുന്ന കമ്മിറ്റിയും, കളക്ടർ അധ്യക്ഷനായി എല്ലാ ജില്ലകളിലും പരാതി പരിഹാര സെൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന തല കമ്മിറ്റി വർഷത്തിൽ രണ്ടു പ്രാവശ്യം അവലോകന യോഗം നടത്തി തീർപ്പാക്കാത്ത പരാതികളിന്മേൽ വേണ്ട മാർഗ നിർദ്ദേശം നൽകാറുണ്ട്. ജില്ലാതല കമ്മിറ്റികൾ എല്ലാ മാസവും അവലോകന യോഗം കൂടാറുണ്ട്

**കേന്ദ്ര സർക്കാർ നൽകുന്ന സേവനങ്ങൾ**

ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ / അംഗവൈകല്യം സംഭവിക്കുന്ന സൈനികരുടെ ആശ്രിതർക്ക് പ്രതിരോധ മന്ത്രാലയം മുഖാന്തിരം താഴെ പറയുന്ന ധനസഹായങ്ങൾ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര ഗവണ്മെന്റ് നൽകി വരുന്നുണ്ട്.

(എ) **ഭവന നിർമ്മാണത്തിനുള്ള വായ്പ്പക്ക് പലിശക്കുള്ള സബ്സിഡി.** വാർ വിധവകൾ /വാർ ഡിസബിൾഡ്/വാർ ബെറീവ്ഡ് ആൻഡ് attributable പീസ് ടൈം Casualties (ഓൾ റാങ്ക്സ്). ഇവർക്ക് പരമാവധി 100000 രൂപ ഒറ്റത്തവണയായി സാമ്പത്തിക സഹായം നൽകുന്നു.

(ബി) **വിദ്യാഭ്യാസത്തിനുള്ള ധനസഹായം**

| | |
|---|---|
| (I) ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ | - വർഷം തോറും പതിനായിരം രൂപ വീതം നൽകുന്നു |
| (II) ഒൻപത് തൊട്ട് പന്ത്രണ്ടാം ക്ലാസ് വരെ | - വർഷം തോറും പതിനാലായിരം രൂപ വീതം നൽകുന്നു |
| (III) ഗ്രാജുവേഷൻ | - വർഷം തോറും ഇരുപതിനായിരം രൂപ വീതം നൽകുന്നു |
| (IV) പോസ്റ്റ് ഗ്രാജുവേഷൻ | - വർഷം തോറും ഇരുപത്തയ്യായിരം രൂപ വീതം നൽകുന്നു |
| (V) പ്രൊഫഷണൽ കോഴ്സ് | - അൻപതിനായിരം രൂപ (മാക്സിമം) |

(VI) <u>പ്രൈം മിനിസ്റ്റർ സ്കോളർഷിപ്പ് (ഔദ്യോഗീക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ / അംഗവൈകല്യം സംഭവിക്കുന്നവരുടെ മക്കൾക്ക് മുൻഗണനന)</u> - ആൺകുട്ടികൾക്ക് രണ്ടായിരം രൂപയും പെൺകുട്ടികൾക്ക് രണ്ടായിരത്തി ഇരുന്നൂറ്റമ്പതു രൂപയും വർഷം തോറും നൽകുന്നു (പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് മാത്രം)

(സി) <u>വിധവകൾക്കുള്ള ഉപരി പഠനത്തിന്</u>.

(I) ഗ്രാജുവേഷൻ - ഇരുപതിനായിരം രൂപ നൽകുന്നു

(II) പോസ്റ്റ് ഗ്രാജുവേഷൻ - ഇരുപത്തയ്യായിരം രൂപ നൽകുന്നു

(III) പ്രൊഫഷണൽ കോഴ്സ് - അൻപതിനായിരം രൂപ (മാക്സിമം) നൽകുന്നു

(ഡി) ഔദ്യോഗീക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ / അംഗവൈകല്യം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ താഴെപറയുന്ന കോഴ്സുകൾക്ക് കേന്ദ്ര ഗവൺമെന്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(I) എം.ബി.ബി.എസ് - 30

(II) ബി.ഡി.എസ് - 01-03

(ഇ) ഔദ്യോഗീക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ / അംഗവൈകല്യം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ താഴെപറയുന്ന ഐ ഐ ടി - കളിൽ കേന്ദ്ര ഗവൺമെന്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(I) മുംബൈ - 02
(ii) ഡൽഹി - 02
(iii) കാൺപൂർ - 02
(iv) ഖരഗ്പൂർ - 02
(v) മദ്രാസ് - 02
(vi) ബനാറസ് - 02
(vii) റൂർകീ - 02

(എഫ്) <u>റെയിൽ ട്രാവൽ കൺസെഷൻ</u>. ഫസ്റ്റ് ക്ലാസ് / സെക്കന്റ് / തേർഡ് / ചെയർ കാർ (എ സി ) എന്നിവയിൽ മരണാന്തര ബഹുമതി ലഭിക്കുന്നവരുടെ ഭാര്യമാർക്കും, യുദ്ധ വിധവകൾക്കും എഴുപത്തഞ്ചു ശതമാനം കൺസെഷൻ ലഭിച്ചു വരുന്നു

(ജി) <u>എയർ ട്രാവൽ കൺസെഷൻ</u> അംഗവൈകല്യം സംഭവിച്ച ഓഫീസർമാർക്കും,യുദ്ധ വിധവകൾക്കും എയർ ട്രാവൽ കൺസെഷൻ യഥാക്രമം 50% - 75% വരെ നൽകി വരുന്നു.

(എച്ച്) <u>ടെലിഫോൺ ഫസിലിറ്റീസ്</u> . - അംഗവൈകല്യം / യുദ്ധ വിധവകൾക്കും രെജിസ്ട്രേഷൻ ചാർജും ഇൻസ്റ്റാളേഷൻ ചാർജും അമ്പതു ശതമാനം റെന്റൽ ചാർജും ഒഴിവാക്കി വരുന്നു

(ഐ) ഔദ്യോഗീക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ / അംഗവൈകല്യം സംഭവിക്കുന്നവർക്കും സ്പെഷ്യൽ പെൻഷൻ നൽകി വരുന്നു

(ജെ) ടിപ്പർ അറ്റാച്ച്മെന്റ് സ്കീം (കോൾ ലോഡിങ് ട്രാൻസ്പോർട്ടേഷൻ സ്കീം - വിധവകൾ / അംഗവൈകല്യം സംഭവിച്ചവർ) നൽകി വരുന്നു

(കെ). ഓയിൽ പ്രോഡക്റ്റ് ഏജൻസി അലോട്ട്മെന്റ് (ഔദ്യോഗീക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ വിധവകൾക്കു) നൽകി വരുന്നു.

(എൽ). ആർമി ക്ലാസ് ഫൈവ് ബി സർപ്ലസ് വണ്ടികൾ (ഔദ്യോഗീക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ / അംഗവൈകല്യം സംഭവിക്കുന്നവരുടെ ആശ്രിതർക്ക്) നൽകി വരുന്നു

(എം). എൽ പി ജി ഏജൻസി (ഔദ്യോഗീക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ / അംഗവൈകല്യം സംഭവിക്കുന്നവരുടെ ആശ്രിതർക്ക്) നൽകി വരുന്നു

(എൻ) റീട്ടെയിൽ അലോട്ട്മെന്റ് (പെട്രോൾ / ഡീസൽ). (ഔദ്യോഗീക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ വിധവകൾക്കു / അംഗവൈകല്യം സംഭവിക്കുന്നവരുടെ ആശ്രിതർക്ക്) നൽകി വരുന്നു

(ഒ). കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള ധനസഹായം (ഒരിക്കൽ മാത്രം). മുപ്പത്തയ്യായിരം രൂപ നൽകുന്നു

(പി) കാർ മോഡിഫിക്കേഷൻ / മോഡിഫൈഡ് ഓട്ടോ സ്കൂട്ടർ. എഴുപത്തയ്യായിരം രൂപ (മാക്സിമം) നൽകുന്നു

(ക്യു) വീൽ ചെയർ വിതരണം (നൂറ് ശതമാനം അംഗവൈകല്യമുള്ളവർക്ക്). അൻപതിനായിരം രൂപ തൊട്ട് രണ്ടേ കാൽ ലക്ഷം വരെ (കേസിനനുസരിച്ച്)

(ആർ) കുളിമുറി നവീകരിക്കുന്നതിന് (നൂറ് ശതമാനം അംഗവൈകല്യമുള്ളവർക്ക്) നാൽപ്പതിനായിരം രൂപ നൽകുന്നു.

(എസ്). പെൺകുട്ടികളുടെ കല്യാണം / വിധവകളുടെ കല്യാണം അല്ലെങ്കിൽ ആൺകുട്ടി / അനാഥക്കുട്ടി. ഒരു ലക്ഷം രൂപ നൽകുന്നു.

(ടി) ഹൌസ് റിപ്പയർ ധന സഹായം(നൂറ് ശതമാനം അംഗവൈകല്യമുള്ളവർക്ക്). ഇരുപതിനായിരം രൂപ നൽകുന്നു.

## കേന്ദ്രിയ സൈനിക ബോർഡിൻറെ പൊതുവായ മറ്റു സാമ്പത്തിക സഹായങ്ങൾ

(എ) പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ് . പ്രാഫഷണൽ ഡിഗ്രി കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിമുക്തഭടന്മാരുടെ മക്കൾക്ക് സ്കോളർഷിപ് നൽകുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യഥാക്രമം 2000, 2250 രൂപ വീതം പ്രതിമാസം നൽകുന്നതാണ്

(ബി). സാമ്പത്തിക സഹായം ആവശ്യമുള്ള എക്സ് സെർവീസ്മെൻ / വിധവകൾ / ആശ്രിതർക്കും രക്ഷാമന്ത്രിയുടെ ഡിസ്ക്രീഷനറി ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ

(സി) പെന്യൂരി ഗ്രാന്റ്. അറുപത്തഞ്ചു വയസ്സ് തികഞ്ഞവരും, പെൻഷൻ ലഭിക്കാത്തവരും ഹവിൽദാർ വരെയുള്ളവർക്ക് റാങ്ക് വരെയുള്ള വിമുക്തഭടന്മാരും മരണാനന്തരം വിധവകൾക്കും പ്രതിമാസം 4000 രൂപ സാമ്പത്തികസഹായം ലഭിക്കുന്നു

(ഡി) വിദ്യാഭ്യാസത്തിനുള്ള ധനസഹായം. ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടന്മാരുടെ മക്കൾക്ക് പ്രതിമാസം 1000 രൂപ സാമ്പത്തികസഹായം ലഭിക്കുന്നു (പരമാവധി 2 കുട്ടികൾക്ക്).

(ഇ) <u>ഓഫീസർ കേഡറ്റ് ഗ്രാന്റ്</u>. പെൻഷൻ കിട്ടുന്നതും കിട്ടാത്തതുമായ ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടന്മാരുടെ മക്കൾക്ക് പ്രതിരോധസേനയിൽ കേഡറ്റ് ട്രെയിനിങ് സമയത്തു പ്രതിമാസം 1000 രൂപ സാമ്പത്തികസഹായം ലഭിക്കുന്നു

(എഫ്) <u>100% അംഗവൈകല്യമുള്ള കുട്ടികൾക്കുള്ള ധനസഹായം</u> ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടന്മാരുടെ 100% വികലാംഗരായ കുട്ടികൾക്ക് പ്രതിമാസം 1000 രൂപ സാമ്പത്തികസഹായം ലഭിക്കുന്നു.

(ജി) <u>പ്രകൃതി ക്ഷോഭത്തിൽ വീട് നശിച്ചാൽ ലഭിക്കുന്ന ധനസഹായം (Natural Disaster )</u> അനാഥപെൺകുട്ടി (എല്ലാ റാങ്കുകളും വരെ), അല്ലെങ്കിൽ 100 % വികലാംഗതായുള്ള എക്സ് സെർവീസ്മെൻ / വിധവകൾ - ഹവിൽദാർ റാങ്ക് വരെയുള്ളവർക്ക് ഒറ്റതവണയായി 20000 രൂപ സാമ്പത്തികസഹായം ലഭിക്കുന്നു

(എച്ച്) <u>പെണ്മക്കളുടെ / വിധവകളുടെ വിവാഹത്തിനുള്ള ധനസഹായം</u>. ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടന്മാരുടെ പെൺമക്കൾക്ക് വിവാഹത്തിന് ഒറ്റതവണയായി 50000 രൂപ സാമ്പത്തികസഹായം ലഭിക്കുന്നു (പരമാവധി രണ്ടു പെൺകുട്ടികൾക്ക്)

(ജെ) <u>ഫ്യൂണറൽ സാമ്പത്തിക സഹായം</u> - ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടന്മാർ / വിധവകൾ ഇവർക്ക് മരണാന്തരം 5000 രൂപ ഒറ്റതവണയായി സാമ്പത്തിക സഹായം നൽകുന്നു.

(കെ) <u>ചികിത്സക്കുള്ള ധനസഹായം</u> അപേക്ഷകർ പെൻഷൻ ലഭിക്കാത്ത എക്സ്സർവീസ്മെൻ / വിധവകൾ - ഹവിൽദാർ റാങ്ക് വരെയുള്ളവർക്ക് 30000 രൂപ ഒറ്റതവണയായി സാമ്പത്തിക സഹായം നൽകുന്നു.

(എൽ) <u>അനാഥക്കുട്ടികൾക്കുള്ള സാമ്പത്തികസഹായം</u> - അച്ഛനും അമ്മയും മരണമടഞ്ഞ വിമുക്തഭടന്മാരുടെ 21 വയസ്സിനു താഴെയുള്ള ആൺകുട്ടി / പെൺകുട്ടികൾക്ക് പ്രതിമാസം 1000 രൂപ സാമ്പത്തിക സഹായം നൽകുന്നു.

(എം <u>വിധവകൾക്കുള്ള തൊഴിൽ പരിശീലനത്തിന് ഉള്ള ധനസഹായം</u>. ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടന്മാരുടെ വിധവകൾക്ക് 20000 രൂപ ഒറ്റതവണയായി സാമ്പത്തിക സഹായം നൽകുന്നു.

(എൻ) <u>ഗുരുതര രോഗങ്ങൾക്കുള്ള ധനസഹായം</u>. പെൻഷൻ ലഭിക്കാത്ത വിമുക്തഭടന്മാർക്കും വിധവകൾക്കും മാരകമായ രോഗങ്ങൾക്ക് പരമാവധി 125000 രൂപ വരെ, ഡയാലിസിസിനും 75000 രൂപ വരെ സഹായം നൽകുന്നു

(ഒ) <u>വികലംഗർക്കുള്ള ചലന ധനസഹായം</u>. പെൻഷൻ വന്നതിനു ശേഷം സംഭവിച്ച അപകടത്തിൽ വികലാംഗരായ വിമുക്തഭടന്മാർ (50% കുറയാതെ ഡിസബിലിറ്റി ഉള്ള) ചലന ഉപകരണം വാങ്ങുന്നതിനുള്ള 57500 രൂപ ഒറ്റതവണയായി സാമ്പത്തിക സഹായം നൽകുന്നു.

(പി) <u>തൊഴിൽ ഉപകരണങ്ങൾ വാങ്ങാനുള്ള ധനസഹായം</u>. സാങ്കേതികമായി യോഗ്യത നേടിയ എക്സ് സെർവിസ്മാനിനു വേണ്ടി ടൂൾ കിറ്റ് വാങ്ങുന്നതിനു 8000 രൂപ ഒറ്റതവണയായി സാമ്പത്തിക സഹായം നൽകുന്നു.

(ക്യു) <u>വീട് ഉണ്ടാക്കാനുള്ള ലോണിന്റെ പലിശക്കുള്ള സബ്സിഡി</u>. യുദ്ധ വിധവകൾ, യുദ്ധത്തിൽ അംഗവൈകല്യം സംഭവിച്ചവർ, മറ്റു കാരണങ്ങളാൽ സർവീസിലിരിക്കെ അംഗവൈകല്യം സംഭവിച്ചവർക്ക് പരമാവധി 100000 രൂപ ഒറ്റതവണയായി സാമ്പത്തിക സഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ